പൂമൊട്ടുകൾ

# കൂട്ടുകാരൻ

വിവരമറിഞ്ഞതു മുതൽ അബ്ദു അതും ആലോചിച്ച് നടപ്പാണ്. അവനിന്നാണ് വരുന്നത്... യാസീൻ. അബ്ദുവും യാസീനും ചെറുപ്പം മുതലേ കൂട്ടുകാരാണ്. സ്കൂളിലും ഒരേ ക്ലാസിലാണ്. അവധി ദിവസങ്ങളിലും രാവിലെ മുതൽ വൈകുന്നേരം വരെ കളിച്ചു നടപ്പാണ്.

അതിനിടയിലാണ് യാസീന്റെ ഉപ്പ യാസീനെയും കുടുംബത്തെയും ഗൾഫിലേക്ക് കൊണ്ടുപോയത്. ഒരു വർഷത്തിനു ശേഷം ഇന്നാണ് അവരെത്തുന്നത്.

യാസീന്റെ വീട്ടിലേക്ക് നടക്കുമ്പോൾ പഴയ ഓർമകളായിരുന്നു അബ്ദുവിന്റെ മനസ്സിൽ. പഴയ കാലം തിരിച്ചു വരുന്നതോർത്ത് അബ്ദുവിന്റെ മനസ്സ് തുള്ളിച്ചാടി. പുറത്ത് കട്ടിയുള്ള ഷൂ ഇരിക്കുന്നത് ദൂരെ നിന്നു തന്നെ അബ്ദു കണ്ടു. സന്തോഷംകൊണ്ട് നടത്തത്തിന്റെ വേഗം കൂടി. വീട്ടിനുള്ളിലേക്ക് കയറിയപ്പോഴും ശബ്ദമൊന്നും കേൾക്കുന്നില്ലായിരുന്നു. റൂമിലിരിക്കുന്ന ഉരുണ്ട ശരീരം കണ്ട് അബ്ദു ഒന്ന് ഞെട്ടി. സന്തോഷത്തോടെ ഓടി റൂമിലേക്ക് ചെന്നു.

ഡാ.. യാസീനേ..

കുനിഞ്ഞിരുന്ന അവൻ തലയുയർത്തി നോക്കി. വീണ്ടും തല താഴ്ത്തി. അബ്ദുവിന്റെ നെഞ്ച് തകർന്നു. വീഡിയോ ഗെയിം കളിക്കുന്ന തിരക്കിലായിരുന്നു യാസീൻ. അവന് വേറെ എങ്ങോട്ടും നോട്ടമൊന്നും ഇല്ലായിരുന്നു. അബ്ദുവിനെ പരിഗണിക്കാനൊന്നും അവന് സമയമില്ലായിരുന്നു.

വീഡിയോ ഗെയിമിന്റെ ലോകത്തായിരുന്നു അവൻ. തകർന്നു പോയ അബ്ദു അധിക നേരം അവിടെ ഇരുന്നില്ല. ഷൂവിനടുത്ത് അഴിച്ചിട്ട തേഞ്ഞ ചെരുപ്പിട്ട് തിരിഞ്ഞു നടക്കുമ്പോൾ അബ്ദുവിന്റെ കണ്ണ് നനഞ്ഞിരുന്നു. വീഡിയോ ഗെയിം എന്ന തന്നെക്കാൾ വലിയ കൂട്ടുകാരനെ അവന് ലഭിച്ചെന്ന് അബ്ദു വേദനയോടെ ഓർത്തു.

**മുആദ് ബിൻ ജാഫർ വി.ടി**
ക്ലാസ് 8,
വി.എച്ച്.എസ്.എസ്, വളാഞ്ചേരി



**അമാനാ ബത്തൂൽ**, ക്ലാസ്സ് 2
അൽ അമീൻ പബ്ലിക് സ്കൂൾ, ചന്തിരൂർ,
ആലപ്പുഴ



**മുഹമ്മദ് ഷഹീം**, ക്ലാസ്- 2
അൽമനാർ സ്കൂൾ, സൗദി അറേബ്യ

▸▸ ന്യൂസിലാന്റിനെ രണ്ടായി വിഭജിച്ചു കൊണ്ട് കടന്നുപോകുന്ന കടലിടുക്ക് – കുക്ക് കടലിടുക്ക്

# ഷൂസ്

ഒരു ദിവസം സ്കൂൾ വിട്ട് വരികയായിരുന്നു അവൻ. അന്നേരം ഒരിടത്തെത്തിയപ്പോൾ ഷൂസ് കണ്ടു. അവൻ ആ ഷൂസിന്റെ അടുത്തേക്ക് ചെല്ലാൻ ഒരുങ്ങിയപ്പോൾ ആ ഷൂസ് ചാടിച്ചാടി വരുന്നു. അവൻ പേടിച്ചു. ചുറ്റും നോക്കി. ചുറ്റും ആരും ഇല്ലായിരുന്നു. അവന് പേടിയായി. അവൻ ഓടാൻ തുനിഞ്ഞു.

അന്നേരമുണ്ട് ഷൂസിൽ നിന്നും രണ്ട് തവളകൾ ചാടിപ്പോകുന്നു. ഹോ.. ഇതായിരുന്നല്ലേ സംഗതി. വെറുതെ പേടിച്ചു പോയി. വേഗം വീട്ടിലെത്തിയിട്ട് വേണം ഈ തമാശ അമ്മയോട് പറയാൻ എന്ന് മനസ്സിൽ വിചാരിച്ച് അവൻ വേഗത്തിൽ നടന്നു.

**ഫഹിമ. പി**, ക്ലാസ് 3
ഇർഷാദ് ഇംഗ്ലീഷ് സ്കൂൾ

# പുഴ

പുഴയെത്ര കൗതുകം
നോക്കിയിരിക്കാൻ
പുഴ മുന്നിൽ കാണുമ്പോൾ
ദുഃഖങ്ങളെല്ലാം
അലിഞ്ഞലിഞ്ഞല്ലോ മായുന്നു!
നാടിനിന്നേറ്റം ജലസേചനത്തിന്
പുഴയൊഴുകീടുന്നല്ലോ..
പുഴയുടെ തെളിനീരൊഴുക്ക്
ഉള്ളിൽ സന്തോഷം നൽകിടുന്നു
എന്തൊരാനന്ദമായെന്നോ..

**അനശ്വര കൃഷ്ണ മടവൂർ**, ക്ലാസ് 6
വിവേകാനന്ദ പബ്ലിക് സ്കൂൾ, നാവായിക്കുളം



**വർദ തബസ്സും**, യു.കെ.ജി
എ.എം.എൽ.പി, ചെറുവറ്റ



**ഒമർ സുഹൈൽ**, ക്ലാസ്- 2
ന്യൂ ഇന്ത്യൻ സ്കൂൾ, ബഹറൈൻ




## കമ്പ്യൂട്ടർ ഗെയിം എന്ന കൂട്ടുകാരൻ

മനുഷ്യ ബന്ധങ്ങളെ എങ്ങനെയാണ് സോഷ്യൽ മീഡിയകളും കമ്പ്യൂട്ടർ ഗെയിമുകളുമൊക്കെ ബാധിക്കുന്നത് എന്നതിനെപറ്റി ഒരുപാട് ലേഖനങ്ങളും പഠനങ്ങളും പുറത്തുവരുന്നുണ്ട്. എന്നാൽ കുട്ടികളുടെ ലോകത്ത് അത് ഉണ്ടാക്കുന്ന ദുരവസ്ഥയെ കഥയുടെ രൂപത്തിൽ മനോഹരമായി ചിത്രീകരിക്കുന്നു 'കൂട്ടുകാരൻ' എന്ന രചന- ആത്മാർത്ഥമായ ശൈലിയും ഭാഷയുടെ നൈസർഗികതയും ഈ രചനയെ ഉദാത്തമാക്കുന്നു. 'ഷൂസ്' എന്ന കഥയും പുതുമയേറിയ ആവിഷ്ക്കരണം കൊണ്ട് വായനക്കാരെ ആനന്ദിപ്പിക്കുന്നു.

സസ്നേഹം

● മാഷ്

▸▸ ഇന്ത്യയിലെ കണ്ടൽ കാടുകളുടെ വിസ്തൃതി 4921 ചതുരശ്ര കിലോമീറ്ററാണ്.